പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2719

06.02.2018-ലെ മറുപടി

# റാന്നി മേജർ ജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **മാത്യൂ ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര എന്നീ മൂന്ന് പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുന്ന റാന്നി മേജർ ജലവിതരണ പദ്ധതിയുടെ നിർമ്മാണം എന്നാണ്. ആരംഭിച്ചതെന്ന് അറിയിക്കാമോ; | (എ) | റാന്നി പഴവങ്ങാടി വടശ്ശേരിക്കര ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ പണികൾ 10/2008-ലും രണ്ടാം ഘട്ടത്തിന്റെ പണികൾ 12/2012-ലും ആരംഭിച്ചു. |
| (ബി) | ഇനിയും എന്തൊക്കെ പ്രവൃത്തികൾ കൂടി പൂർത്തിയാക്കിയാൽ പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും നാളിതുവരെ ഈ പദ്ധതിയ്ക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ പ്രോജെക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഘടകങ്ങളുടേയും നിർമ്മാണം പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഇതുവരെ 1453.794 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 963.6 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ; | (സി) യും (ഡി) യും | പദ്ധതി നിർവ്വഹണം പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നുണ്ട്. എന്നാൽ പദ്ധതി ഔദ്യോഗികമായി ഉത്ഘാടനം ചെയ്തിട്ടില്ല. |
| (ഡി) | കടുത്ത വേനൽമൂലം ഉയർന്ന പ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്ന സാഹചര്യത്തിൽ പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ